## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 415    10/06/2014-ൽ മറുപടിക്ക്

# ചീമേനി താപനിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ചീമേനി താപനിലയം പ്രവർത്തനം സംബന്ധിച്ച് പ്രാഥമിക നടപടികൾ എന്തൊക്കെ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലയം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ? | ചീമേനിയിൽ പ്രകൃതിവാതകാധിഷ്ഠിതമായ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുവേണ്ടി പരിസ്ഥിതി ആഘാതപഠനം നടന്നിട്ടുണ്ട്. പക്ഷേ പദ്ധതിയ്ക്കാവശ്യമായ പ്രകൃതിവാതകം അനുവദിച്ചു കിട്ടിയിട്ടില്ലാത്തതിനാലും നിർദ്ദിഷ്ട വാതക പൈപ്പ് ലൈൻ പദ്ധതി തടസ്സപ്പെട്ടിരിക്കുന്നതിനാലും എൺവയോൺമെന്റ് ക്ലിയറൻസ് (പരിസ്ഥിതി അനുമതി) സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പരിസ്ഥിതി ആഘാതം കുറഞ്ഞ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി ലഭിക്കുന്ന കൽക്കരി അധിഷ്ഠിതമായ താപനിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ